**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 775 — 25.01.2018-ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ ബി സത്യൻ<br>ശ്രീ വി അബ്ദുറഹിമാൻ<br>ശ്രീ സി.കെ ഹരീന്ദ്രൻ<br>ശ്രീ മുരളി പെരുനെല്ലി | | ശ്രീ എ കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്നു<br><br>1. അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.<br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി, ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO യുമായി ബന്ധപ്പെട്ട് നടത്തി വരുന്നു.<br>3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യൂബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടെ മുദ്രാലോൺ നൽകുന്ന പദ്ധതി<br>4. പട്ടികജാതി യുവാക്കൾക്ക് സൈനികപരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി<br>5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി<br>6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.<br>7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട **നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ** 134 യുവതി യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി 2 വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.<br>കൂടാതെ പട്ടികജാതി യുവതി യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും, ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോ തെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐകളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കു **വേണ്ടി** തൊഴിൽമേള സംഘടിപ്പിക്കുകയും, വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ, നൈപുണ്യ വികസനപദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | **പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐടിഐകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഈ സർക്കാർ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ;** | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നേടാൻ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 2016 ഡിസംബറിലും, 2017 നവംബറിലും **രണ്ട്** ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടു **ണ്ട്** |
| (സി) | **ഏതെല്ലാം കമ്പനികളാണ് പ്രസ്തുത ജോബ് ഫെയറിൽ പങ്കെടുത്തതെന്നും ഇതിലൂടെ എത്ര പേർക്ക് നിയമനം ലഭ്യമാക്കാൻ സാധിച്ചുവെന്നും വിശദമാക്കുമോ** | (സി) | 2016 ൽ നടത്തിയ ജോബ് ഫെയറിൽ 11 കമ്പനികളും, 2017 ൽ നടത്തിയ ജോബ് ഫെയറിൽ 19 കമ്പനികളും പങ്കെടുത്തു. കമ്പനികളുടെ വിശദാംശവും, നിയമനം ലഭിച്ചവരുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# JOB FAIR 2016

## Details of Placement

| Sl No | Name of Firm | Attended | Selected |
|---|---|---|---|
| 1 | L&T Ltd. Chennai | 200 | 95 |
| 2 | O/E/N India LTD | 50 | 15 |
| 3 | POPULAR MEGA MOTORS | 25 | 8 |
| 4 | Noratel India Power Components Pvt.Ltd | 60 | 35 |
| 5 | N.K PLUMBING | 25 | 3 |
| 6 | M.K PLUMBING | 25 | 3 |
| 7 | S.S METTUKKARA PLUMBING | 25 | 3 |
| 8 | Tata motors | 30 | 7 |
| 9 | TERUMO PENPOL PVT LTD | 50 | 15 |
| 10 | Creative Photos | 10 | 4 |
| 11 | Kitex | 20 | 17 |
| | Total | | 205 |

## JOB FAIR 2017

## Details of Placement

| Sl No | Name of Firm | Attended | Selected |
|---|---|---|---|
| 1 | Lan Dec Engineers | 96 | |
| 2 | TEXPORT Industries Pvt Ltd | 25 | 14 |
| 3 | CBC HONDA , Trivandrum | 25 | |
| 4 | PEEVEES FURNITURE, | 34 | 34 |
| 5 | N.K PLUMBING | 6 | |
| 6 | M.K PLUMBING | 3 | 3 |
| 7 | POPULAR MEGA MOTORS | 24 | 1 |
| 8 | O/E/N India LTD | 35 | 22 |
| 9 | TERUMO PENPOL PVT LTD | 46 | 10 |
| 10 | S.S METTUKKARA PLUMBING | 4 | |
| 11 | KELTRON | 190 | 1 |
| 12 | ACCESS ELECTRONICS | 10 | 1 |
| 13 | GREEN PLACEMENT | 32 | 16 |
| 14 | South park motors | 6 | |
| 15 | Cochin Shipyard | 200 | 47 |
| 16 | Hercles motors | 11 | |
| 17 | Indus Motors | 12 | |
| 18 | CHANNEL COPIER AND SERVICES | 10 | |
| 19 | Tata motors | 24 | |
| | Total. | | **149** |

സെക്ഷൻ ഓഫീസർ